# SECOND YEAR HIGHER SECONDARY EXAMINATION, MARCH 2023

Time : 2½ Hours

Cool-off time : 15 Minutes

Part – III

## BUSINESS STUDIES

Maximum : 80 Scores

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**I. 1 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം.** **(8 × 1 = 8)**

1. ചുരുങ്ങിയ ചെലവിൽ ലക്ഷ്യം നേടുന്നതിനെ ________ എന്ന് പറയാം :
   (a) കാര്യക്ഷമത
   (b) ഫലപ്രാപ്തി
   (c) ലക്ഷ്യം നിർണ്ണയിക്കൽ
   (d) ഇവയെല്ലാം

2. വിവിധ വസ്തുക്കൾ കൈകാര്യം ചെയ്യുമ്പോഴുണ്ടാകുന്ന ചലനങ്ങളെക്കുറിച്ചുള്ള പഠനത്തെ ________ എന്ന് വിളിക്കാം.
   (a) സമയ പഠനം
   (b) ക്ഷീണ പഠനം
   (c) ചലന പഠനം
   (d) ഇവയൊന്നുമല്ല

3. ആവർത്തന സാധ്യതയില്ലാത്ത സംഭവങ്ങൾക്ക് വേണ്ടിയുള്ള പദ്ധതി ________ ആകുന്നു.
   (a) ചിരസ്ഥായിയായ പദ്ധതി
   (b) ഒറ്റത്തവണ ഉപയോഗിക്കാവുന്ന പദ്ധതി
   (c) (a) യും (b) യും
   (d) ഇവയൊന്നുമല്ല

4. ശ്രേണി പൂർത്തീകരിക്കുക :

| | |
|---|---|
| (a) പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകൃതമാകുന്നത് | ഫങ്ഷണൽ ഘടന |
| (b) ഉൽപ്പന്നങ്ങളുടെ അടിസ്ഥാനത്തിൽ രൂപീകൃതമാകുന്നത് | ? |

5. ഒരു സ്ഥാപനത്തിലേക്കാവശ്യമായ ഉദ്യോഗാർത്ഥികൾക്കായി തിരച്ചിൽ നടത്തുന്ന പ്രക്രിയയെ ________ എന്നു പറയുന്നു.
   (a) തിരഞ്ഞെടുപ്പ്
   (b) പരിശീലനം
   (c) റിക്രൂട്ട്മെന്റ്
   (d) ഇവയൊന്നുമല്ല

6. ശമ്പളവും ബത്തയും ഏതിന് ഉദാഹരണമാണ്.
   (a) സാമ്പത്തിക പ്രോത്സാഹനങ്ങൾ
   (b) സാമ്പത്തികേതര പ്രോത്സാഹനങ്ങൾ
   (c) (a) യും (b) യും
   (d) ഇവയൊന്നുമല്ല

7. ഒരു സ്ഥാപനത്തിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത് പ്രകാരം നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്ന പ്രക്രിയയാണ് ________.
   (a) ആസൂത്രണം
   (b) സംഘാടനം
   (c) നിയന്ത്രണം
   (d) മാർഗനിർദ്ദേശം

8. ദീർഘകാല മൂലധനമായി എത്ര തുക സമാഹരിക്കണം എന്ന് തിരുമാനിക്കുന്നതാണ് ________.
   (a) നിക്ഷേപ തീരുമാനം
   (b) ധന സമാഹരണ തീരുമാനം
   (c) ലാഭവിഹിത തീരുമാനം
   (d) ഇവയൊന്നുമല്ല

9. ഒരു ഉൽപന്നം വാങ്ങുന്നതിനായി ഉപഭോക്താവ് നൽകേണ്ട തുക _______ എന്ന് അറിയപ്പെടുന്നു.

(a) വില (b) ലാഭം

(c) നഷ്ടം (d) മാർജിൻ

10. ഉപഭോക്തൃ സംരക്ഷണനിയമപ്രകാരം താഴെ തന്നിട്ടുള്ളവയിൽ ഏറ്റവും ഉയർന്ന തലത്തിലുള്ളത് ഏത്?


(a) ജില്ലാ ഫോറം (b) ദേശീയ കമ്മീഷൻ

(c) സംസ്ഥാന കമ്മീഷൻ (d) ഹൈക്കോടതി

**II. 11 മുതൽ 16 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(5 × 2 = 10)**

11. മാനേജ്മെന്റ് എന്ന ആശയം ചുരുക്കി വിവരിക്കുക.

12. താഴെ തന്നിട്ടുള്ള ചാർട്ട് പൂർത്തീകരിക്കുക :




13. ആസൂത്രണ സങ്കൽപ്പങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

14. ഔപചാരിക സംഘടന എന്ന ആശയം വിവരിക്കുക.

15. മാർഗ്ഗ നിർദ്ദേശം എന്ന മാനേജ്മെന്റ് ധർമ്മത്തിന്റെ നാല് ഘടകങ്ങൾ എഴുതുക.

16. നിയന്ത്രണ പ്രക്രിയയുടെ നാല് ഘട്ടങ്ങൾ എഴുതുക.

**III. 17 മുതൽ 22 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(5 × 3 = 15)**

17. ശാസ്ത്രീയ മാനേജ്മെന്റ് തന്ത്രങ്ങളിൽ മൂന്നെണ്ണം വിവരിക്കുക.

18. ഉദ്യോഗ വൽക്കരണത്തിന്റെ പ്രധാനപ്പെട്ട മൂന്ന് ഘടകങ്ങൾ വിവരിക്കുക.

19. മാർഗ്ഗനിർദേശത്തിന്റെ ഏതെങ്കിലും മൂന്ന് സവിശേഷതകൾ വിവരിക്കുക.

20. നിയന്ത്രണത്തിന്റെ ഏതെങ്കിലും മൂന്ന് പ്രാധാന്യങ്ങൾ വിവരിക്കുക.

21. ധനം ഏതൊരു ബിസിനസിന്റേയും ജീവരക്തമാണ് എന്ന് വിശേഷിപ്പിക്കപ്പെടുന്നത് എന്തുകൊണ്ട്?

22. ബ്രാൻഡ് നാമവും വ്യാപാര മുദ്രയും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് വിവരിക്കുക.

**IV. 23 മുതൽ 27 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(4 × 4 = 16)**

23. മധ്യതല മാനേജ്മെന്റിന്റെ നാല് ധർമ്മങ്ങൾ എഴുതുക.

24. ചേരുംപടി ചേർക്കുക :

| | | | |
|---|---|---|---|
| (a) | പണപ്പെരുപ്പ നിരക്ക് | (i) | രാഷ്ട്രീയ പരിസ്ഥിതി |
| (b) | ആചാരങ്ങളും അനുഷ്ഠാനങ്ങളും | (ii) | സാങ്കേതിക പരിസ്ഥിതി |
| (c) | ശാസ്ത്ര പുരോഗതി | (iii) | സാമ്പത്തിക പരിസ്ഥിതി |
| (d) | സർക്കാരിന്റെ ആദർശങ്ങൾ | (iv) | സാമൂഹ്യ പരിസ്ഥിതി |

25. സംഘടനാ സംവിധാനങ്ങളിൽ ഫങ്ഷണൽ ഘടനയും ഡിവിഷണൽ ഘടനയും തമ്മിലുള്ള ഏതെങ്കിലും നാല് വ്യത്യാസങ്ങൾ എഴുതുക.

26. സ്ഥിര മൂലധനത്തെ സ്വാധീനിക്കുന്ന ഏതെങ്കിലും നാല് ഘടകങ്ങൾ വിവരിക്കുക.

27. ഉപഭോക്തൃ അവകാശങ്ങൾ നാലെണ്ണം ചുരുക്കി വിവരിക്കുക.

**V. 28 മുതൽ 31 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.** **(3 × 5 = 15)**

28. ഹെന്റി ഫയോൾ നൽകയിട്ടുള്ള 14 മാനേജ്മെന്റ് തത്വങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണം വിവരിക്കുക.

29. ആസൂത്രണത്തിന്റെ ഏതെങ്കിലും അഞ്ച് സവിശേഷതകൾ വിവരിക്കുക.

30. ധനകാര്യ മാനേജ്മെന്റിന്റെ ലാഭവിഹിത തിരുമാനം വിവിധ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. അവയിൽ ഏതെങ്കിലും അഞ്ചെണ്ണം വിവരിക്കുക.

31. വിൽപ്പന പ്രോത്സാഹന തന്ത്രങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണം വിവരിക്കുക.

**VI. 32 മുതൽ 34 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(2 × 8 = 16)**

32. ഉദ്യോഗവൽക്കരണം ഒരു നിസാര പ്രക്രിയയല്ല, ഇതിൽ വിവിധ ഘട്ടങ്ങളുണ്ട് വിവരിക്കുക.

33. ഒരു ഡയഗ്രം വരച്ച്, ആശയ വിനിമയത്തിന്റെ ഘടകങ്ങൾ വിവരിക്കുക.

34. വിപണന മിശ്രിതത്തിലെ പ്രധാന ഘടകങ്ങളായ നാല് 'P'കൾ ഏതെല്ലാം ? വിവരിക്കുക.

---